# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ. പി6/874/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 20/09/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ കാര്യാലയം, ഇടുക്കി
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ. പി6/874/23 തീയ്യതി: 20/09/2023

## ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-04-2023 മുതൽ 03-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| **ശ്രീ. വിനോദ് കെ.കെ.** | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 03-07-2023 | 07-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-07-2023 | 07-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.യു. സണ്ണി, ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.ടി. കുഞ്ഞ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ദിലീപ് എം. കെ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സൈജു റ്റി. | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ സമദ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 08-08-2022 |
| ശ്രീ. സാം ക്രിസ്റ്റി ജോൺ | അസിസ്റ്റന്റ് എൻജിനീയർ | 09-08-2022 | 25-09-2022 |
| ശ്രീമതി ആതിര വിജയൻ | അസിസ്റ്റന്റ് എൻജിനീയർ | 26-09-2022 | 31-03-2023 |
| ഡോ. അനൂപ് കെ. | സൂപ്രണ്ട്, നെടുങ്കണ്ടം താലൂക്ക് ആശുപത്രി | 01-04-2022 | 31-05-2022 |
| ഡോ. അഭിലാഷ് റ്റി.പി. | സൂപ്രണ്ട്, നെടുങ്കണ്ടം താലൂക്ക് ആശുപത്രി | 01-06-2022 | 31-03-2023 |
| ശ്രീമതി. മായ എൻ. ഗോപാലകൃഷ്ണൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ഡോ. മിനി കെ. എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 02-01-2023 |
| ഡോ. അഞ്ജു എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 03-01-2023 | 31-03-2023 |
| ശ്രീ. അലാഷ് എ. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജാനറ്റ് എം. സേവ്യർ | സി.ഡി.പി.ഒ. | 01-04-2022 | 07-07-2022 |
| ശ്രീമതി. ജോളി കെ.പി. | സി.ഡി.പി.ഒ. | 08-07-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല | 1-1-1 |
| 3 | സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല | 1-1-2 |
| 4 | അക്കൌണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകൾ | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-5 |
| 7 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ജേർണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-7 |
| 9 | ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയിരിക്കുന്നു | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | ഗ്രാന്റ് വിനിയോഗം | 1-3 |
| 12 | പദ്ധതി അവലോകനം | 1-4 |
| 13 | ക്ഷേമ പദ്ധതികൾ | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്യാഷ് പരിശോധന | 1-7 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 17 | വാടകയില്ലാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉപയോഗിക്കുന്നു | 1-9 |
| 18 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല | 1-10 |
| 19 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- ചെലവഴിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-11 |
| 20 | ജീവനക്കാരുടെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-12 |
| 21 | ആർ.ആർ.എഫ്. പദ്ധതിക്ക് മെഷിനറി വാങ്ങൽ -പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കിയില്ല | 1-13 |
| 22 | പ്രാരംഭ പ്രവർത്തനങ്ങൾ നടത്താതെ കംപ്രസർ ടെസ്റ്റിംഗ് മെഷീൻ വാങ്ങൽ- പദ്ധതിക്ക് തുക ചെലവഴിച്ചു | 1-14 |
| 23 | മരുന്നുകൾ ലഭ്യമാകാത്തത് | 1-15 |

| | | |
|---|---|---|
| 24 | കാലി വീപ്പ വില തനതു ഫണ്ടിൽ സൂക്ഷിക്കുന്ന | 1-16 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 19.06.2023-ലെ 1-ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം തയ്യാറാക്കി. 07.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C And AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെട്ട ത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് ആവശ്യ മായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി സംവിധാനത്തിലേക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല.

### 1-1-2 സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല

സാമ്പത്തിക റിപ്പോർട്ടുകളും സാമ്പത്തിക വിവരങ്ങളും ലഭ്യമാക്കുന്ന അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള എല്ലാ സോഫ്റ്റ്‌വെയറുകളിലേക്കും ഓഡിറ്റർക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ സാമ്പത്തിക അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാകുന്നില്ല.

### 1-1-3 അക്കൌണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് റൂൾസ് 62(2)(ഇ)(എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-4 പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകൾ

അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയർ ഇതര സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകളാണ് ലഭ്യമാകുന്നത്.

### 1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ “Net Increase/Decrease In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഇതേ പത്രകയിൽ 2022-23 കാലയളവിൽ “Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും വ്യത്യസ്തമാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണ്.

### 1-1-6 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ടിംഗ് ചട്ടം, ചട്ടം 58(4)(എ) പ്രകാരം നീക്കിയിരിപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 ജേർണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ജേർണൽ വൌച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ലഭ്യമാക്കാത്തതിനാൽ ജേർണൽ എൻട്രികളുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല.

### 1-1-8 ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയിരിക്കുന്നു

സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഇല്ലാത്ത റോഡുകൾ, പാലങ്ങൾ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ ആസ്തികൾക്ക് തേയ്മാന കിഴിവ് രേഖപ്പെടുത്തിയിരിക്കുന്നു.

### 1-2 ബജറ്റ്

25.03.2022-ലെ 1/1 തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസാക്കി അവതരിപ്പിച്ച 2022-23 വർഷത്തെ ബജറ്റ് ഭേദഗതിയൊന്നും കൂടാതെ 28-3-2022-ലെ 1/1 തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി ഐക്യകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു. ബജറ്റ് പ്രകാരം വരവ് ₹75,33,14,000/-, ചെലവ് ₹75,20,63,000/-, നീക്കിയിരിപ്പ് ₹12,51,000/- ആകുന്നു.

### 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി ₹ | തൻവർഷവരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 20908095 | 20908095 | 20908095 | 0 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 9724981 | 9724981 | 9724981 | 0 |
| വികസനഫണ്ട് – റ്റി.സി.പി. | 0 | 412359 | 412359 | 412359 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) + പലിശ | 54184 | 7602343 | 7656527 | 2726710 | 4929817 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (UnTied)+പലിശ | 0 | 4647857 | 4647857 | 4235928 | 411929 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 8965880 | 8965880 | 8965880 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ലഭ്യമാകാത്തതിനാൽ വാർഷിക ധനകാര്യ പത്രിക സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

### 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 125 | 96146077 | 103 | 59058354 | - | 49 | 60.80 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതി വിവരങ്ങൾ.

| ക്ര.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്കുകൾ | നടപ്പാക്കിയ പ്രോജക്കുകൾ | നടപ്പാക്കിയ പ്രോജക്കുകളുടെ | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് % |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ശതമാനം | | | |
| 1 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 100.00 | 1148000 | 1146316 | 99.85 |
| 2 | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | 5 | 5 | 100.00 | 2505480 | 2463874 | 98.34 |
| 3 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 32 | 27 | 84.37 | 41218236 | 24532273 | 59.52 |
| 4 | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 12 | 12 | 100 | 4985000 | 4952057 | 99.34 |
| 5 | പട്ടികജാതി വികസന ഓഫീസർ | 3 | 3 | 100.00 | 2300000 | 2074778 | 90.21 |
| 6 | അസ്സിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 4 | 4 | 100.00 | 1100000 | 468075 | 42.55 |
| 7 | സീനിയർ വെറ്ററിനറി സർജൻ | 3 | 3 | 100.00 | 1650000 | 1649361 | 99.96 |
| 8 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 1 | 1 | 100.00 | 550000 | 305934 | 55.62 |
| 9 | അസിസ്റ്റന്റ് എഞ്ചിനിയർ | 61 | 44 | 72.13 | 39489361 | 20476011 | 51.85 |
| 10 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100.00 | 1200000 | 989675 | 82.47 |
| | ആകെ | 125 | 103 | 82.40 | 96146077 | 59058354 | 61.43 |

1-5 ക്ഷേമ പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.07.2023-ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓർഡർ മുഖേന ജോലി വിഭജനം നടത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക സംബന്ധിച്ച വിവരങ്ങളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വാടകയില്ലാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉപയോഗിക്കുന്നതായും കാണുന്നു. ജീവനക്കാരുടെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിനായി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും പദ്ധതി നാളിതുവരെയും പ്രവർത്തനസജ്ജമായിട്ടില്ല. ആർ.ആർ.ഡി.എഫ് പദ്ധതിക്കുവേണ്ടി മെഷിനറികൾ വാങ്ങിയിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തന സജ്ജമായിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണ നിലവാര പരിശോധനയ്ക്കായി കംപ്രസർ ടെസ്റ്റിംഗ് മെഷീൻ ഉപയോഗപ്രദമാക്കിയിട്ടില്ല. ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-9 വാടകയില്ലാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉപയോഗിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലെ മുറികൾ ഉപയോഗിക്കുന്ന വ്യക്തികളിൽ നിന്നും വാടക ഈടാക്കുന്നില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ വിവരങ്ങൾ | നിലവിൽ കെട്ടിടം ഉപയോഗിക്കുന്ന വ്യക്തിയുടെ / സംഘത്തിന്റെ പേര് (ലഭ്യമായ രേഖകൾ പ്രകാരം) | കുറിപ്പ് |
|---|---|---|---|
| 1 | എസ്.ജി.എസ്.വൈ. കെട്ടിടം - കിഴക്കേക്കവല | സ്വാന്തനം ചാരിറ്റബിൾ ട്രസ്റ്റ് | വാടക നിശ്ചയിച്ച് മുറി ലേലത്തിൽ നൽകി കരാറിൽ ഏർപ്പെട്ടിട്ടില്ല. വാടക കൂടാതെ മുറികൾ ഉപയോഗിക്കുന്നു. |
| 2 | എസ്.ജി.എസ്.വൈ. കെട്ടിടം -ളുക്കപാലം | സതി അനിൽകുമാർ | വാടക നിശ്ചയിച്ച് മുറി ലേലത്തിൽ നൽകി കരാറിൽ ഏർപ്പെട്ടിട്ടില്ല. വാടക കൂടാതെ മുറികൾ ഉപയോഗിക്കുന്നു. |
| 3 | എസ്.ജി.എസ്.വൈ. കെട്ടിടം -ളുക്കപാലം | ആർ.പി.എം കോ-ഓപ്പറേറ്റീവ് സൊസൈറ്റി | വാടക നിശ്ചയിച്ച് മുറി ലേലത്തിൽ നൽകി കരാറിൽ ഏർപ്പെട്ടിട്ടില്ല. വാടക കൂടാതെ മുറികൾ ഉപയോഗിക്കുന്നു. |
| 4 | എസ്.ജി.എസ്.വൈ. കെട്ടിടം -ളുക്കപാലം | തമ്പി സുകുമാരൻ | വാടക നിശ്ചയിച്ച് മുറി ലേലത്തിൽ നൽകി കരാറിൽ ഏർപ്പെട്ടിട്ടില്ല. വാടക കൂടാതെ മുറികൾ ഉപയോഗിക്കുന്നു. |
| 5 | എസ്.ജി.എസ്.വൈ. കെട്ടിടം -ളുക്കപാലം | രാജീവ് ഗാന്ധി എസ്.എച്ച്.ജി | വാടക നിശ്ചയിച്ച് മുറി ലേലത്തിൽ നൽകി കരാറിൽ ഏർപ്പെട്ടിട്ടില്ല |
| 6 | എസ്.ജി.എസ്.വൈ. | ചിത്ര ആയുർവ്വേദ വൈദ്യശാല | വാടക നിശ്ചയിച്ച് മുറി ലേലത്തിൽ |

| | | | |
|---|---|---|---|
| | കെട്ടിടം -ഉൗക്കപാലം | | നൽകി കരാറിൽ ഏർപ്പെട്ടിട്ടില്ല |
| 7 | രാജകുമാരി എസ്.ജി.എസ്.വൈ. കെട്ടിടം | സ്കിൽ ഡെവലപ്മെന്റ് സൊസൈറ്റി | വാടക നിശ്ചയിച്ച് മുറി ലേലത്തിൽ നൽകി കരാറിൽ ഏർപ്പെട്ടിട്ടില്ല. വാടക കൂടാതെ മുറികൾ ഉപയോഗിക്കുന്നു. |
| 8 | മാതൃഭവനം രാമക്കൽമേട് | ശോഭ അനിൽ | വാടക നിശ്ചയിച്ച് മുറി ലേലത്തിൽ നൽകി കരാറിൽ ഏർപ്പെട്ടിട്ടില്ല. വാടക കൂടാതെ മുറികൾ ഉപയോഗിക്കുന്നു. |

വാടക നിശ്ചയിച്ച് മുറി ലേലത്തിൽ നൽകി കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം1/4-02-2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇതുമായി ബന്ധപ്പെട്ട് പരാമർശമുണ്ടെങ്കിലും (ഖ.1-11) നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടക നിശ്ചയിച്ച് ലേലം ചെയ്ത് നൽകേണ്ടതാണ്.

1-10 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 66/23, മരുന്ന് വാങ്ങൽ- ഹോമിയോ ആശുപത്രി പുഷ്പക്കണ്ടം |
| അടങ്കൽ | ₹400000/- (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ചെലവ് | 22100463009500658135/17.10.2022/ ₹400000/- |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം ₹400000/- കേരള സംസ്ഥാന ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സ്ഥാപനവുമായി വച്ചിട്ടുള്ള കരാർ പ്രകാരം ഒമ്പത് മാസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കേണ്ടതാണ്. തുക ഒടുക്കിയാലും മരുന്ന് ലഭിക്കുവാൻ കാലതാമസം നേരിടുന്നതിനാൽ പദ്ധതി ഏറ്റെടുത്ത് ഉടനെ തന്നെ തുടർ നടപടി സ്വീകരിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-11 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- ചെലവഴിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് | 56/23, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹1835480/- (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ. |
| ചെലവ് | ₹1834400/- (അലോട്ട്മെന്റ് പ്രകാരം) |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് അലോട്ട്മെന്റ് പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | അനുവദിച്ച തുക |
|---|---|---|
| 1 | കരുണാപുരം | 350000 |
| 2 | സേനാപതി | 150000 |
| 3 | ഉടുമ്പൻചോല | 200000 |

| | | |
|---|---|---|
| 4 | രാജാക്കാട് | 250000 |
| 5 | രാജകുമാരി | 150000 |
| 6 | പാമ്പാടുംപാറ | 390000 |
| 7 | നെടുങ്കണ്ടം | 344400 |
| | ആകെ | 1834400 |

അനുവദിച്ച തുകയുടെ വിനിയോഗ വിവരം ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 06.07.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 9) മറുപടി ലഭ്യമാക്കിയില്ല. അനുവദിച്ച തുക നിയമാനുസൃതം വിനിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക ₹1834400/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-12 ജീവനക്കാരുടെ ബയോമെടിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 154/23, നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിൽ ജീവനക്കാരുടെ ബയോമെടിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കൽ |
| അടങ്കൽ | ₹100000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വൗച്ചർ നം./തീയതി/ തുക | 22200668/ 23.03.2023/ ₹26877/- |

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി കെൽട്രോൺ എന്ന സ്ഥാപനത്തിന് ₹26877/- ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് യാതൊരു തുടർ പ്രവർത്തനവും നടന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 06.07.2023 നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക ₹26877/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-13 ആർ.ആർ.എഫ്. പദ്ധതിക്ക് മെഷിനറി വാങ്ങൽ -പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | 27/23, ആർ.ആർ.എഫ്. പദ്ധതിക്ക് മെഷിനറി വാങ്ങൽ |
| അടങ്കൽ | ₹1000000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസന്ഥൻ | സെക്രട്ടറി |
| വൗച്ചർ നം./തീയതി/ തുക | XVFC/22-23/P/52/ 31.03.2023/ ₹619087/- |

15 HP ഡസ്റ്റ് റിമൂവർ, ബെയിലിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിന് വിഭാവനം ചെയ്തിരുന്ന പദ്ധതിയുടെ ഡസ്റ്റ് റിമൂവറിന് ₹345622/- യും ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്നതിന് ₹546930/- യുമുൾപ്പെടെ ₹892552/- യ്ക്കാണ് ഹോറിസൺ ആലപ്പുഴ എന്ന സ്ഥാപനവുമായി ബ്ലോക്ക് പഞ്ചായത്ത് കരാറിലേർപ്പെട്ടിരുന്നത്. എന്നാൽ ടെണ്ടർ അംഗീകരിച്ച് നൽകിയ ഹോറിസൺ ആലപ്പുഴ എന്ന സ്ഥാപനം സാമ്പത്തിക വർഷ അവസാനം ഡസ്റ്റ് റിമൂവർ മെഷീൻ മാത്രം ലഭ്യമാക്കിയിട്ടുണ്ട്. ബെയിലിംഗ് മെഷീൻ സപ്ലൈ, ഇൻസ്റ്റലേഷൻ എന്നിവ നിർവ്വഹിച്ചിട്ടില്ല. എന്നാൽ ആകെ തുകയുടെ 50% ഉൾപ്പെടെ മുകളിൽ സൂചിപ്പിച്ചത് പ്രകാരം തുക

സ്ഥാപനത്തിന് നൽകുകയും ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 06.07.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ അംഗീകരിച്ച കമ്പനിയുമായി 2023 മാർച്ച് 27 ന് ആണ് കരാറിൽ ഏർപ്പെട്ടതെന്നും കരാർ പ്രകാരം 30 മുതൽ 45 ദിവസത്തിനുള്ളിൽ മെഷീനുകൾ സപ്ലൈ ചെയ്യണമെന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളതെന്നും ഇത് പ്രകാരം ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്ത മെഷീന്റെ വിലയും ബെയിലിംഗ് മെഷീന്റെ വിലയുടെ 50% ഉൾപ്പെട്ട തുകയും അനുവദിക്കുകയാണ് ഉണ്ടായത് എന്നും അറിയിച്ചിട്ടുണ്ട്. 2023 ഏപ്രിൽ മാസം 22 ന് മെഷീൻ സപ്ലൈ ചെയ്യുകയും മെഷീനുകൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആർ.ആർ.എഫ്. കെട്ടിടത്തിൽ നിലവിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ലാത്തതിനാൽ ഇതിനോട് ചേർന്നുള്ള ക്രിമറ്റോറിയത്തിൽ നിന്നുമാണ് വൈദ്യുതി എടുക്കുന്നത് എന്നും ഇലക്ട്രിഫിക്കേഷന് ഈ വർഷം പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കുന്നതിന് ഭരണ സമിതി അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

### 1-14 പ്രാരംഭ പ്രവർത്തനങ്ങൾ നടത്താതെ കംപ്രസർ ടെസ്റ്റിംഗ് മെഷീൻ വാങ്ങൽ- പദ്ധതിക്ക് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | 158/23, മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനക്കായി കംപ്രസർ ടെസ്റ്റിംഗ് മെഷീൻ വാങ്ങൽ |
| അടങ്കൽ | ₹200000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വൗച്ചർ നം./തീയതി/ തുക | 22200674/ 28.03.2023/ ₹94999/- |

മേൽ പദ്ധതി പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയ്ക്കായി കംപ്രസർ ടെസ്റ്റിംഗ് മെഷീൻ വാങ്ങുന്നതിനായി ₹94999/- ചെലവഴിച്ചിട്ടുണ്ട്. GEM പോർട്ടൽ മുഖേന ബെൽസ്റ്റോൺ ഹൈടെക് ഇൻഡസ്ട്രിയൽ ലിമിറ്റഡ്, ഡൽഹി എന്ന സ്ഥാപനത്തിൽ നിന്നാണ് കംപ്രസർ ടെസ്റ്റിംഗ് മെഷീൻ വാങ്ങിയിട്ടുള്ളത്. എന്നാൽ പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 06.07.2023ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 4 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത മിഷീൻ സ്ഥാപിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് 2023-24 വർഷം പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് മുമ്പ് തന്നെ മെഷീൻ വാങ്ങിയത് ഉചിതമായ നടപടിയല്ല. അടിയന്തരമായി പദ്ധതി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക ₹94999/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-15 മരുന്നുകൾ ലഭ്യമാകാത്തത്

താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാകുന്നതിന് തിരുവനന്തപുരം KMCL-ന് പണം മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

| PROJ 26/23 പാലിയേറ്റീവ് കെയർതാലൂക്ക് ആശുപത്രി നെടുങ്കണ്ടം | | |
|---|---|---|
| KMCL, തിരുവനന്തപുരത്തിന് തുക നൽകിയത് ബിൽ നം/തീയതി | BRNO. 22100463008500851949/2-12-22 | 206448 |
| ലഭ്യമായ മരുന്നുകൾ KMCL ബിൽ നം. തീയതി | 19693/9-12-22 | 24032 |
| | 23335/17-1-23 | 8602 |

| | | |
|---|---|---|
| | 26421/4-3-23 | 4144 |
| | 551/6-4-23 | 1042 |
| | 3228/12-5-23 | 31020 |
| | 3145/12-5-23 | 1961 |
| | 6076/25-5-23 | 37167 |
| | 8771/13-6-23 | 11121 |
| | ആകെ | 119089 |
| | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നത് തുക | 87359 |
| KMCL, തിരുവനന്തപുരത്തിന് തുക നൽകിയത് ബിൽ നം/തീയതി | BRNO. 22100463008501238550/24-2-23 | 150000 |
| ലഭ്യമായ മരുന്നുകൾ KMCL ബിൽ നം. തീയതി | 27443/23-3-23 | 9162 |
| | 2677/9-5-23 | 13713 |
| | 3146/12-5-23 | 6424 |
| | 5978/25-5-23 | 77177 |
| | ആകെ | 106476 |
| | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നത് തുക | 43524 |

| PROJ 25/23 മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ – താലൂക്ക് ആശുപത്രി നെടുങ്കണ്ടം | | |
|---|---|---|
| KMCL, തിരുവനന്തപുരത്തിന് തുക നൽകിയത് ബിൽ നം/തീയതി | BRN 22100463008501121974/1-2-23 | 135000 |
| ലഭ്യമായ മരുന്നുകൾ KMCL ബിൽ നം. തീയതി | 26175/2-3-23 | 6794 |
| | 27314/20-3-23 | 2280 |
| | 27725/27-3-23 | 30188 |
| | 2789/10-5-23 | 28065 |
| | 5983/25-5-23 | 305 |
| | ആകെ | 67632 |
| | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നത് തുക. | 67368 |

| PROJ 12/23 സെക്കന്ററി പാലിയേറ്റീവ് കെയർ – പാമ്പാടുംപാറ പി.എച്ച്. സി. | | |
|---|---|---|
| KMCL, തിരുവനന്തപുരത്തിന് തുക നൽകിയത് ബിൽ നം/തീയതി | BRN 22100463008901326527/10-3-23 | 59999 |
| ലഭ്യമായ മരുന്നുകൾ | | 0 |
| | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നത് തുക. | 59999 |

| PROJ 78/23 പ്രാഥമീക ആരോഗ്യകേന്ദ്രങ്ങൾക്ക് മരുന്നുവാങ്ങൽ. | | |
|---|---|---|
| KMCL, തിരുവനന്തപുരത്തിന് തുക നൽകിയത് ബിൽ നം/തീയതി | BRN 22100463008901097575/27-1-23 | 200000 |
| ലഭ്യമായ മരുന്നുകൾ | | 0 |
| | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നത് തുക. | 200000 |

ലഭിക്കുവാൻ അവശേഷിക്കുന്ന 458250/-രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 കാലി വീപ്പ വില തനതു ഫണ്ടിൽ സൂക്ഷിക്കുന്നു

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്യുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ(പി)177/06/ധനം 12.04.06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണമെന്ന് 30.10.2007 ലെ 59827/എഫ്.എം/07/തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2022-23 വർഷം വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്തിട്ടുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് & പ്രോജക്ട് നം | ബിൽ നം/തീയതി | തുക(₹) | കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്തിട്ടുള്ള തുക (₹) |
|---|---|---|---|
| വാൽപ്പാറ ചന്ദനപ്പാറ റോഡ് (68/23) | 22100463008401320902/23.11.22 | 949808 | 4775 |
| കുരുവിള സിറ്റി മില്ലുംപടി ചപ്പാത്ത് റോഡ് (67/23) | 26/13.03.23 | 423444 | 3371 |
| തിരുവല്ലാപ്പടി അഞ്ചേക്കർകാനം റോഡ് (109/23) | 22100463008401407545/20.3.23 | 668764 | 3090 |
| കുളപ്പറച്ചാൽ കൃഷി ഭവൻ മുനിയറചാൽ റോഡ്(65/23) | 22100463008401323536/9.3.23 | 498872 | 2809 |
| ചേരുപുറം കരിവേലിപ്പടി റോഡ്(119/23) | 22100463008401265981/28.2.23 | 542156 | 3370 |
| ഒട്ടാത്തി കിഴക്കേ തടംപാടി റോഡ് (7/23) | 22100463008401482686/25.3.23 | 897971 | 3932 |
| ആകെ | | | 21347 |

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കുറവ് ചെയ്ത് ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ₹21347/- ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച | സർട്ടിഫിക്കറ്റ് റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിരിക്കുന്നു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷം സംയുക്ത പദ്ധതികൾക്കായി ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക ₹ | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 59/23, പി.എം.എ.വൈ.ജി ഭവന പദ്ധതി ബ്ലോക്ക് വിഹിതം (ജനറൽ) | 2022-23 | 4746000 | 4746000 | 0 |
| ജില്ലാപഞ്ചായത്ത് | 60/23, പി.എം.എ.വൈ.ജി ഭവന പദ്ധതി (എസ്.സി.പി)ബ്ലോക്ക് വിഹിതം | 2022-2023 | 5327000 | 5327000 | 0 |
| ജില്ലാപഞ്ചായത്ത് | 61/23, പി.എം.എ.വൈ.ജി ഭവന പദ്ധതി (റ്റി.എസ്.പി) ബ്ലോക്ക് വിഹിതം | 2022-2023 | 98000 | 98000 | 0 |
| നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് | 121/23, തങ്കച്ചൻ കവല ചെന്നാപ്പാറ കോൺക്രീറ്റിംഗ് | 2022-2023 | 200000 | 200000 | 0 |
| നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് | 121/23, മഞ്ഞപ്പെട്ടി എട്ടമുക്ക് റോഡ് കോൺക്രീറ്റിംഗ് | 2022-2023 | 114457 | 114457 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും വരവില്ല. മുൻബാക്കി ₹360000/- അവശേഷിക്കുന്നുണ്ട്. തൻവർഷം ലോൺ തിരിച്ചടവ് നടത്തുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | തുക | | | ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | തുക |
| ഐ.എ.വൈ. ഭവന നിർമ്മാണം | സ.ഉ.(എം.എസ്.) 90/13/ തസ്വഭവ തീയതി 14.03.2013 | 1200000 | 360000 | ഇല്ല | ബാധകമല്ല | 360000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 32 | 2000-01 | അവലോകനം | അനർഹർക്ക് ധനസഹായം നൽകി | ലഭ്യമല്ല |
| 1998-99 | 35 | 2000-01 | അവലോകനം | ടിഷ്യു കൾച്ചർ യൂണിറ്റിന് 1 ലക്ഷം രൂപ നഷ്ടം | |
| 2000-01 | 20 | 2003-04 | - | വ്യവസായ എസ്റ്റേറ്റിന് വാങ്ങിയ സ്ഥലം സ്കൂൾ പണിയാൻ വിട്ടുനൽകി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല --

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | യിട്ടുണ്ടോ? (ഉണ്ട്/ ഇല്ല). | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | ഖ.17, 24, 30, 31, 32, 33 | കെ.കെ. കൃഷ്ണൻ | LF 24258/ SC2/ 2000 Dt. 12.04.02 | 89403 | | ഇല്ല | | | | | 89403 | |
| 2 | 1997-98 | 16 | മോളി ജോർജ് | LF 24258/ SC2/ 2000 Dt.12.04.02 | 2500 | 500, 8/ 12.3.2000 | ഇല്ല | | | | | 2000 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹21280466 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹80312439 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹101592905 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹92412232 |
| ഓഡിറ്റ് വർഷത്തെ നീക്കിയിരുപ്പ് | ₹9180673 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1956276 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 1834400 | ശ്രീമതി മോളി കെ.പി., സി.ഡി.പി.ഒ |
| 1-12 | 26877 | ശ്രീ ദിലീപ് എം.കെ., സെക്രട്ടറി |
| 1-14 | 94999 | ശ്രീ ദിലീപ് എം.കെ., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മോളി കെ.പി, സി.ഡി.പി.ഒ | സി.ഡി.പി.ഒ, നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | മഞ്ഞക്കുന്നേൽ വീട്, മുക്കുടം പി.ഒ, കമ്പിളികണ്ടം, ഇടുക്കി ജില്ല |

| | | |
|---|---|---|
| ശ്രീ എം.കെ. ദിലീപ്, സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ചു. | മംഗലത്തിൽ (H), സ്പ്രിംഗ് വാലി പി.ഒ, കുമളി, ഇടുക്കി ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | കെ.എസ്.എ.ഐ.ഡി.കെ.3/1221/95-96, 96-97/അദാ. ഓഗസ്റ്റ്/2022/15.9.2022 | 1 | 13 |
| 1997-98 | കെ.എസ്.എ.ഐ.ഡി.കെ.3/1221/97-98/അദാ. ഓഗസ്റ്റ്/2022/15.9.2022 | 6 | 17, 24, 30, 31, 32, 33 |
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ.3/1221/98-99/അദാ. ഓഗസ്റ്റ്/2022/15.9.2022 | 4 | 28, 30, 32, 35 |
| 1999-2000 | കെ.എസ്.എ.ഐ.ഡി.കെ.3/1221/99-2000/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 1 | 35 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2000-01/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 23, 25 |
| 2002-03 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2002-03/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 3-2, 3-3 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2004-05/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 1 | 3-6 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2005-06/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 3-3, 3-4 |
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2007-08/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 3-1, 3-5 |
| 2008-09 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2008-09/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 4 | 3-2, 3-3, 3-4, 3-5 |
| 2009-10 & 2010-11 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2009-10 & 2010-11/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 3 | 3-1, 3-2, 3-5 |
| 2011-12 & 2012-13 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2011-12 & 2012-13 അദാ. ഓഗസ്റ്റ്/2022/15.9.2022 | 4 | 3-1, 3-3, 3-5, 3-8 |
| 2013-14 & 2014-15 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2013-14 & 2014-15/അദാ. ഓഗസ്റ്റ്/2022/15.9.2022 | 6 | 2-3, 3-1, 3-1(1), 3-1(2), 3-2, 3-6, 3-8, 4-8 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2015-16/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 3-4, 3-5 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2016-17/ | 3 | 2-1, 3-1, 3-3 |

| | | | |
|---|---|---|---|
| | അദാ. ഓഗസ്റ്റ്/2022/15.9.2022 | | |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2017-18/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 5 | 2-1, 3-1, 3-2, 3-4, 3-6 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2018-19/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 1-12, 1-13 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ.പി9-/1149/22/ 19.9.2022 | 9 | 1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 4-8, 4-9 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ.പി9-/1149/22 (1)/ 19.9.2022 | 11 | 1-13, 1-14, 1-15, 1-16, 1-17, 1-18, 3-1, 3-2, 3-3, 3-4, 4-8 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി9-/434/23 തീയതി. 16.05.2023 | 19 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 3-1, 3-2, 3-3, 3-4 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 19-06-2023 and submitted on 21-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nedumkandam Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nedumkandam Block Panchayat for the year 2022-2023

Date: 20/09/2023

Senior Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Nedumkandam Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to accounting and all other software which have direct or indirect impact on financial reports and information.
2. Non completion of transition period process, during migration to accrual based double entry system from cash based single entry system, including valuation of assets and liabilities for inclusion in opening balance sheet.
3. Non- inclusion of notes to accounts in financial statements and non-disclosure of material facts.
4. Generation of financial reports showing contradictory information due to non- integration of accounting software with other related software.

**2.Other Observations**

1) Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
2) Depreciation recorded for assets not owned by the institution.
3) Lack of authenticated journal vouchers for supporting the adjustments entries recorded in prior period items.

Senior Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്